**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 920** **02-02-2026 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി മണ്ഡലത്തിലെ നാല് സെന്റ് പട്ടികജാതി നഗറിലെ വീടുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിലെ ഉള്ളിയേരി ഗ്രാമപഞ്ചായത്തിലെ 14-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന നാല് സെന്റ് പട്ടികജാതി നഗറിലെ വീടുകൾ നവീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ടി നഗറിൽ ആകെയുള്ള 15 വീടുകളിൽ മിക്കതും പൊട്ടിപ്പൊളിഞ്ഞതും റിപ്പയർ ആവശ്യമുള്ളതും ആണ്. മഴക്കാലത്ത് ഇവിടെയുള്ള എല്ലാ വീടുകളിലും വെള്ളം കയറുകയും ടോയ്‌ലറ്റ് പോലും ഉപയോഗിക്കാൻ പറ്റാത്ത സ്ഥിതിവിശേഷം ഉണ്ടാവുകയും ചെയ്യാറുണ്ട്. ടി നഗറിലെ 12 പേർ ഒപ്പിട്ട ഒരു പരാതി ബാലുശ്ശേരി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വീടുകൾ വാസയോഗ്യമാണോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത കോളനി നവീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാൻ കഴിയുമോ; വിശദമാക്കാമോ? | (സി) | ടി ഗ്രാമത്തിൽ 15 പട്ടികജാതി കുടുംബങ്ങൾ ഉള്ളതിനാൽ ബഹു.എം.എൽ.എ ശിപാർശ ചെയ്യുന്ന പക്ഷം പദ്ധതി മാനദണ്ഡങ്ങൾക്ക് വിധേയമായി ടി ഗ്രാമത്തെ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി 50 ലക്ഷം രൂപ വരെ ചെലവഴിച്ച് കൊണ്ട് നവീകരണ പ്രവർത്തികൾ ചെയ്യുവാൻ സാധിക്കും. വകുപ്പിന്റെ സേഫ് പദ്ധതിയിലുൾപ്പെടുത്തി ഭവന പുനരുദ്ധാരണ പ്രവർത്തികൾ നടപ്പിലാക്കുന്ന കാര്യവും പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ